"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- കോന്നി നിയോജക മണ്ഡലത്തിലെ അരുവാപ്പലം ഗ്രാമ പഞ്ചായത്തിലെ ഐരവൺ പാലത്തിന്റെ നിർമ്മാണ ചുമതല പൊതുമരാമത്തു(പാലം) വിഭാഗത്തിന് നൽകിയ ഉത്തരവ്- ഭരണാനുമതി തുകയിൽ വന്ന തെറ്റ് തിരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(സാധാ) നം.3158/2022/LSGD തീയതി,തിരുവനന്തപുരം, 21-12-2022

---

പരാമർശം:-

1. 04.11.2020 ലെ സ.ഉ(കൈ) 170/2020/തസ്വഭവ
2. 06/02/2021 തീയതിയിലെ സ.ഉ(കൈ).നം.29/2021/തസ്വഭവ
3. ബഹു കോന്നി എം.എൽ.എ ശ്രീ.ജനീഷ് കുമാർ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ 18.11.2021 ലെ കത്ത്
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.04.2022 ലെ ഡിബി4-12568/RK(492)/2020/സിഇ/തസ്വഭവ നമ്പർ കത്ത്
5. 27.07.2022 തീയതിയിലെ സ.ഉ.(സാധാ) നം.1814/ 2022/തസ്വഭവ

**ഉത്തരവ്**

പരാമർശം(1) പ്രകാരം 492 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. പരാമർശം(2) പ്രകാരം 27 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. അതിൻപ്രകാരം കോന്നി നിയോജക മണ്ഡലത്തിലെ ഐരവൺ പാലത്തിന് 12.25 കോടിയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി നിർവഹണം പൊതുമരാമത്ത് (പാലം) വിഭാഗത്തെ ഏൽപ്പിക്കണം എന്ന് ആവശ്യപ്പെട്ട് കോന്നി നിയോജക മണ്ഡലം എം.എൽ.എ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് പരാമർശം (3) പ്രകാരം നിവേദനം നൽകി.

തുടർന്ന് ബഹു.കോന്നി എം.എൽ.എയുടെ ആവശ്യപ്രകാരവും തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ പരാമർശം (4) ലെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടി പ്രവൃത്തിയുടെ നിർമ്മാണച്ചുമതല പരാമർശം(5) പ്രകാരം പൊതുമരാമത്ത് (പാലം) വിഭാഗത്തിന് നൽകി ഉത്തരവായിരുന്നു.

പരാമർശം(2) പ്രകാരം 12.25 കോടിയുടെ ഭരണാനുമതി നൽകിയ ഐരവൺ പാലം നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (പാലം) വിഭാഗത്തിന് നൽകിയ പരാമർശം(5) ലെ ഉത്തരവിൽ ഭരണാനുമതി തുകയായ 12.25 കോടിയ്ക്ക് പകരം 12.5 കോടിയുടെ ഭരണാനുമതി എന്ന് തെറ്റായി രേഖപെടുത്തിയിരുന്നു.

ഈ സാഹചര്യത്തിൽ പരാമർശം(5) ലെ ഉത്തരവിലെ തെറ്റ് തിരുത്തി "പരാമർശം(2) പ്രകാരം

12.25 കോടിയുടെ ഭരണാനുമതി നൽകിയിരുന്ന ഐരവൺ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് (പാലം) വിഭാഗത്തിന് നല്കി ഉത്തരവാകുന്നു" എന്ന ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ശ്രീ.കെ.യു.ജനീഷ് കുമാർ.,കോന്നി നിയോജക മണ്ഡലം എം.എൽ.എ(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ(റൂറൽ),തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി അരുവാപ്പലം ഗ്രാമ പഞ്ചായത്ത്,
അക്കൗണ്ടന്റ് ജനറൽ (ഏ&ഇ)/ആഡിറ്റ്,തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ(തദ്ദേശസ്വയംഭരണവകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Manju.l.s.**
**Date: 21-12-2022 12:15:14**
സെക്ഷൻ ഓഫീസർ